HAPPY VOICE


# ഹാപ്പി വോയ്സ്

സന്തോഷധ്വനി

VOL.35 AUGUST 2023 No. 8





# OC യുടെ വിലാപ യാത്ര വിശ്വാസികൾക്ക് ഒരു പാഠമാകട്ടെ

ഓസി എന്ന രണ്ടക്ഷരത്തിൽ അറിയപ്പെടുന്ന കേരള മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ മരണവും ,വിലാപ യാത്രയും, ശവസംസ്ക്കാര ശുശ്രൂഷകളും ഇതിനകം തന്നെ വിശ്വ പ്രസിദ്ധമായിരിക്കയാണ്. കേരളത്തിലെ ഒരു രാഷ്ട്രീയ നേതാവിനും ലഭിക്കാത്ത സ്വീകാര്യതയാണ് മരണത്തിലൂടെ താൻ നേടിയെടുത്തത്. കക്ഷി രാഷ്ട്രീയ ഭേദമെന്യേ ഏവരുടെയും ഹൃദയത്തെ നൊമ്പരപ്പെടുത്തിയ ഒസിയുടെ വേർപാട് ചരിത്രതാളുകളിൽ രേഖപ്പെടുത്തുമെന്നതിനു സംശയമില്ല.

53 വർഷം പുതുപ്പള്ളി മണ്ഠലത്തെ പ്രതിനിധീകരിച്ച ഉമ്മൻ ചാണ്ടി സാധാരണനിലയിൽ നിന്നും അധികാരത്തിന്റെ ഉന്നതിയിൽ എത്തിച്ചേർന്ന മനുഷ്യനാണ്. കൊണ്ടും കൊടുത്തും, ഇണങ്ങിയും പിണങ്ങിയും രാഷ്ട്രീയത്തിൽ മെയ്‌വഴക്കംവന്ന വ്യക്തി. ക്രൂരമായ ആരോപണ ശരങ്ങൾ തുടർച്ചയായി ജീവിതത്തിൽ വന്നപ്പോഴും അക്ഷോഭ്യനായി പുഞ്ചിരിയോടെ നേരിട്ട ഒരു രാഷ്ട്രീയ തന്ത്രജ്ഞനായ ജനകീയ നേതാവായിരുന്നു.

ജീവിച്ച ഉമ്മൻചാണ്ടിയെക്കാളും ശക്തനായിരുന്നു മരിച്ച ഉമ്മൻചാണ്ടി. ക്രിസ്തു വിശ്വാസിയും പള്ളി ഭക്തനുമായിരുന്നു താൻ. അതുകൊണ്ടാണ് മുഖ്യമന്ത്രിയായിരുന്ന സമയത്തുപോലും ഞായറാഴ്ച പള്ളിയിയിൽ പോയിരുന്നത്. പള്ളിയിൽ മുഖ്യാസനം ആഗ്രഹച്ചില്ല. സാധാരണക്കാരോടൊപ്പം നിന്നും, പടിവാതില്ക്കൽ ഇരുന്നും പള്ളി ശുശ്രൂഷകളിൽ സഹകരിച്ചു. തന്റെ വിശ്വാസം ഒരിടത്തും മറച്ചു വെക്കുവാനാഗ്രഹിച്ചില്ല. അതുകൊണ്ടാണ് തന്റെ മകൻ പറഞ്ഞത് ജീവിക്കുന്നുവെങ്കിൽ ക്രിസ്തുവിനു വേണ്ടി. മരിക്കുന്നതും ക്രിസ്തുവിനുവേണ്ടി.

തിരുവനന്തപുരത്തെ പുതുപ്പള്ളി വീട്ടിൽ നിന്നും കോട്ടയത്തെ പുതുപ്പള്ളി തറവാട്ടിലേക്കുള്ള യാത്രയിൽ തന്റെ ഭൗതിക ശരീരം കാണുവാനായി കാത്തുനിന്നവരുടെ ബാഹുല്യം വർണ്ണനാതീതമാണ്. ഉമ്മൻചാണ്ടിയുടെ ഫോട്ടോയും,പൂക്കളും കൈയിലേന്തി ജാതിമത രാഷ്ട്രീയ ഭേദമെന്യേ കുഞ്ഞുകുട്ടി ആബാലവൃദ്ധം വഴിയോരങ്ങളിൽ മണിക്കൂറുകൾ രാപ്പകൽ വ്യത്യാസമെന്യേ കാത്തു നില്ക്കയും വിങ്ങിപൊട്ടി കണ്ണുനീർവാർത്ത് ജനനായകൻ എന്ന മുദ്രാവാക്യത്തോടെ കാത്തുനിന്നവർ തന്നിൽ നിന്നും നൻമ പ്രാപിച്ചവരും അല്ലാത്തവരുമായിരുന്നുവെന്നതാണ് പ്രത്യേകത. എളിമ മുഖമുദ്രയാക്കിയവ്യക്തി. അധികാര ഗർവ് ഇല്ലാത്ത വ്യക്തി. ഇതായിരുന്നു ഒ.സി. ദു;ഖാചരണത്തിന്റെ അവസാന ദിവസം ശത്രുക്കളും മിത്രങ്ങളും ഒരുമിച്ച് ഒരു സ്റ്റേജിൽ അണിനിരന്നുവെന്നതും ചരിത്രത്തിൽ രേഖപ്പെടുത്തേണ്ടുന്നതു തന്നെ.

ഉമ്മൻ ചാണ്ടിയുടെ ഭൗതിക ശരീരം എന്തിയ വിലാപയാത്രയും ശവസംസ്ക്കാരവും,അതിൽ പങ്കെടുത്ത നേതാക്കൻമാരുടെയും കുടുംബക്കാരുടെയും ഒക്കെ മനോഭാവവും ചെയ്തികളും വിശ്വാസ സമൂഹത്തിനു വിശിഷ്യ സകലതും തികഞ്ഞവരെന്നഭിമാനിക്കുന്ന ബ്രദറൺ പെന്തക്കോസ്ത് വിശ്വാസികൾക്ക് ഒരു പാഠമാണ്. ഒ.സി.യെപ്പോലുള്ള നല്ല നേതാക്കൻമാർ രാജ്യത്തുണ്ടാകട്ടെ.

ഭൗതിക ശരീരം മോർച്ചറിയിൽ ദിവസങ്ങളോളം മററു മൃതശരീരങ്ങൾക്കൊപ്പം വെച്ച് പൊങ്ങച്ചം കാണിക്കാതെ ശവസംസ്ക്കാരസമയംവരെ ജീവിക്കുന്നവരുടെയിടയിൽത്തന്നെ ഉണ്ടായിരുന്നുവെന്നത് ശ്രദ്ധേയമാണ്. പ്രിയപ്പെട്ടവരായവർ ആരും ബ്യൂട്ടിപാർലറിൽ പോയി ഒരുപോലെയുള്ള വസ്ത്രം ധരിച്ച് വീഡിയോയുടെ മുമ്പിൽ അഭിനയിച്ചില്ല. പല ബ്രദറൺ ശവസംസ്ക്കാര ശുശ്രൂഷകളിലും ഒരുപോലെയുള്ള വസ്ത്രം ധരിച്ച് ഫാഷൻ പരേഡിനിരിക്കുമ്പോലെയാണ് ബന്ധുമിത്രാധികളുടെ രീതികൾ.മാത്രമല്ല മക്കളുടെയോ കൊച്ചുമക്കളുടെയോ പാട്ടുകളും ഇല്ലായിരുന്നു. ശവസംസ്ക്കാര സമയത്തെ അനുസ്മരണത്തിനുപോലും ചുരുക്കം ചില ആളുകൾ. ബ്രദറൺ സമൂഹത്തിലെ പലയിടത്തും അമ്പതിനു മുകളിലാണ് അനുസ്മരണത്തിനായി നില്ക്കുന്നത്. ഇത്തര അല്പൻമാരായവർ വിശ്വാസ സമൂഹത്തിൽ മാത്രമെ കാണുകയുള്ളു.

രാഷ്ടീയ നേതാക്കൻമാരാകട്ടെ പ്രായവ്യത്യാസമെന്യേ ഏവരും ആദ്യം മുതൽ അവസാനംവരെ ഉണ്ടായിരുന്നു. ഇതിൽ പങ്കെടുത്തവർക്കൊക്കെ ഷുഗറും പ്രഷറും മററു ശാരീരിക ബലഹീനതകൾ ഒക്കെയുള്ളവരാണ്. എന്നാൽ സഹപ്രവർത്തകനോടുള്ള ആത്മാർത്ഥമായ സ്നേഹത്തിൽ ഇവയൊക്കെയും മറന്നു അവർ ആദ്യന്തം സഹകരിച്ചു. വേർപ്പെട്ടവരുടെ ചില ശവസംസ്ക്കാര ശുശ്രൂഷയിൽ ചില പൊങ്ങൻമാരായ വ്യക്തികൾ സമയത്തും അസമയത്തും വന്നു ശുശ്രൂഷിച്ച് സ്ഥലം വിടും. ആദ്യാവസാനം നില്ക്കുന്നവർ വളരെ അപൂർവം. ഇങ്ങനെ ഒട്ടനവധി കാര്യങ്ങൾ എടുത്തു പറയാനുണ്ട്.

ഉമ്മൻചാണ്ടി കർത്താവായ യേശുക്രിസ്തുവിനെ തിരുവചനവ്യവസ്ഥയനുസരിച്ച് രക്ഷിതാവും കർത്താവുമായി സ്വീകരിച്ചിട്ടുണ്ടെങ്കിൽ തീർച്ചയായും നിത്യതയിൽ കാണും. അതു ക്രിസ്തുവിനു മാത്രം അറിയാവുന്ന സത്യമാണ്. കാരണം രക്ഷിക്കപ്പെട്ടവരെ സഭയോടു അഥവാ ക്രിസ്തുവിന്റെ ശരീരത്തോടു ചേർക്കുന്നത് ഒരു സമുദായവും സഭയുമല്ല . പ്രത്യുത മാനവജാതിക്കുവേണ്ടി യാഗമായിത്തീർന്ന യേശുകർത്താവാണ്.

നാം മനസ്സിലാക്കിയതിൽ നിന്നും പഠിച്ചതിൽ നിന്നും വ്യത്യസ്തമായി കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ അത് ശരിയല്ലെന്ന മുൻവിധിയാണ് പരീശഭക്തി. അതിനാൽ ഒരു വ്യക്തിയുടെ രക്ഷ ബാഹ്യ പ്രകടനത്തിലൂടെയോ കാപട്യത്തോടെയുള്ള ഉപദേശത്തിലൂടെയോ അളക്കുവാൻ സാദ്ധ്യമല്ല. ക്രിസ്തുവിനെ രക്ഷകനും കർത്താവുമായി സ്വീകരിച്ച ഏവരും സ്വർഗ്ഗത്തിൽ കാണും.അവിടെ സഭാ വ്യത്യാസമില്ല.

പ്രിയരെ,ഒരു സാധാരണ മനുഷ്യന്റെ മൃതശരീരം കാണുവാൻ സകലരും വഴിനീളെ രാപ്പകൽ കാത്തിരുന്നുവെങ്കിൽ വീണ്ടെടുക്കപ്പെട്ട ദൈവജനങ്ങൾ നമ്മുടെ രക്ഷിതാവായ യേശുക്രിസ്തുവിന്റെ പുനരാഗമനത്തിനായി ഭയത്തോടും ഭക്തിയോടും കാത്തിരിക്കണം. കർത്താവിനെ എതിരേല്പാൻ നമ്മുടെ ജീവിത പ്രാരാബ്ദങ്ങൾ തടസ്സമാകരുത്. ഒരുക്കത്തിന്റെ അനുഭവം നമുക്കുണ്ടാകണം. ഒന്നുകിൽ മരണമായിരിക്കാം. അല്ലെങ്കിൽ യേശുക്രിസ്തുവിന്റെ വരവായിരിക്കാം. രണ്ടിനായും നമുക്കു കാത്തിരിക്കാം.

**(SP)**

# വിശ്വാസവും വിശ്വാസ ത്യാഗവും

M.SELVARANGAM-THRISSUR

വിശ്വാസം വിവിധ നിലകളിലുള്ളതാണ്. അതു പലതാണ്. എന്നാൽ സത്യ വിശ്വാസം എന്ന ഒന്നുണ്ട്. നിരീശ്വരവാദിയും ചിലതിൽ വിശ്വസിക്കുന്നുണ്ട്. സത്യ വിശ്വാസം മേൻമയേറിയതും മഹത്വവുമാണ്. ആകയാൽ വിശ്വാസത്തിന്റെ പരിശോധന വിലയേറിയതും സ്വർഗ്ഗം വില മതിക്കു ന്നതുമാണ്.(1 പത്രോ 1:7). അതു പൊന്നിനെക്കാൾ വിലയേറിയതും ക്രിസ്തുവിനു പ്രശംസനീയവുമാണ്. ക്രിസ്തീയ വിശ്വാസത്തിന് വിശാലമായ അർത്ഥ ങ്ങളുണ്ട്. അവയിൽ ചിലത് നോക്കുക.

1. ക്രിസ്തുവിന്റെ മരണപുനരുത്ഥാനം.
2. ക്രിസ്തുവിന്റെ നിത്യ രക്ഷ.
3.തന്റെ കാന്തയായ സഭയെ ചേർക്കുവാൻ മദ്ധ്യാകാശത്തിൽ വരും.
4.ക്രിസ്തുവിന്റെ ന്യായാസനം.
5.ക്രിസ്തുവിന്റെ സഹസ്രാബ്ദ വാഴ്ച. ...ഇവയെ ത്യജിക്കുന്നതോ ഇവയിൽ നിന്നു പിൻമാറുന്നതോ അതു വിശ്വാസ ത്യാഗം എന്നു പറയും.

വിശ്വാസത്തിന്റെ പരിതിയിൽ വരുന്നതാണ് മാനസാന്തരം. ആദ്യമനുഷ്യനായ ആദാം മാനസാന്തരപ്പെടുകയും പ്രവാചകനായിത്തീരുകയും ചെയ്തു.(യൂദ 14). അബ്രഹാമും, യിസ്സഹാക്കും, യാക്കോബും വിശ്വാസത്തിന്റെ നായകൻമാരായിരുന്നു. യോശുവയും കാലേബും വിശ്വാസത്തിന്റെ പരിശോധനയിൽ വിജയിച്ചവരാണ്. മോശെ മിസ്രയീമിലെ നിക്ഷേപത്തെക്കാൾ ക്രിസ്തു മുഖാന്തിരം ലഭിക്കാനിരിക്കുന്ന പുകഴ്ച വലിയ ധനം എന്നെണ്ണി ദൈവജനത്തോടുകൂടെ കഷ്ടമനുഭവിക്കുന്നതു തിരഞ്ഞെടുത്തു.(എബ്രാ 11:25. ശീംശോൻ, യിപ്താഹ്,ദാവീദ് എന്നിവരെയും ശമുവേൽ,യെശയ്യാവ്, യിരെമ്യാവ്,യെഹസ്ക്കേൽ മുതലായ പ്രവാചകൻമാരെയുംകുറിച്ചു വിവരിപ്പാൻ സ്ഥലം പോരാ. പ്രാണത്യാഗം ചെയ്തവരായ പൗലോസും യോഹന്നാനും വിശ്വാസത്തിൽ സമ്പന്നർ തന്നെ. അ.പ്ര. 15:26).

തെസ്സലോനിക്യ വിശ്വാസികൾ ജാതികളിൽനിന്നു വേർപ്പെട്ടുവന്നവരായിരുന്നു. അവർ വിഗ്രഹങ്ങളെ ത്യജിച്ചവരായിരുന്നു.(1 തെസ്സ 1:10). ഇവർക്കു മശിഹായുടെ വരവ്, വാഗ്ദത്ത ങ്ങൾ എന്നിവയെക്കുറിച്ചൊന്നും അറിവില്ലാത്തവരായിരുന്നു. എന്നാൽ ദൈവഭാഗത്തു വന്നതിനു ശേഷം പൗലോസ് കർത്താവിന്റെ മദ്ധ്യാകാശ വരവിനെയും അധർമ്മമൂർത്തിയുടെ വരവിനെയുംകുറിച്ചു അവരോടു പറഞ്ഞിരുന്നു. ആത്മാവിനാലും വചനത്താലും ആവർത്തിച്ചു പറഞ്ഞിരുന്നു. (2 തെസ്സ 2:5). എന്നാൽ ആദ്യം സഭ ഭൂമിയിൽ നിന്നു എടുക്കപ്പെട്ടശേഷമേ അധർമ്മമൂർത്തി വെളിപ്പെടുകയുള്ളു. (2 തെസ്സ 2:4,6).

വിശ്വാസ ത്യാഗമെന്നു 2.തെസ്സ 2:3-ൽ തെററായി തർജ്ജ്മ ചെയ്തിരിക്കയാണ്. ഇംഗ്ലീഷിൽ falling away എന്നാണു വന്നിട്ടുള്ളത്. വിശ്വാസ ത്യാഗം പഴയനിയമത്തിൽ ധാരാളം സംഭവിച്ചിട്ടുണ്ട്. കയിൻ ദൈവത്തിന്റെയും മാതാപിതാക്കൻമാരുടെ കല്പനയെയും തിരസ്ക്കരിച്ചവനായിരുന്നു. അവൻ സ്വദേശം വിട്ടവനും ആദ്യത്തെ വിശ്വാസ ത്യാഗിയുമായി. യിസ്സഹാക്കിന്റെ ആദ്യജാതനായ ഏശാവ് വേട്ടക്കാരനും വനസഞ്ചാരിയുമായിരുന്നു.(ഉല്പ 25:27). അവൻ തന്നിഷ്ടക്കാരനും മാതൃദേശം വിട്ട് സേയീർ ദേശത്തു ചെന്നു പാർത്തു. ഇവൻ രണ്ടാമത്തെ വിശ്വാസത്യാഗിയായി. മിസ്രയീമിൽ നിന്നു പുറപ്പെട്ട ബഹുഭൂരിപക്ഷംപേരും വിശ്വാസ ത്യാഗികളായിരുന്നു. അവർ ദൈവത്തിന്റെ വാഗ്ദത്തങ്ങളിൽ വിശ്വസിച്ചിരുന്നില്ല. ന്യായാധിപൻമാരുടെ കാലത്തും ജനം അവിശ്വാസികളായിരുന്നു. രാജവാഴ്ചയിലും ഈ സ്ഥിതിക്കു കാര്യമായ മാററം സംഭവിച്ചിരുന്നില്ല. പുതിയനിയമത്തിൽ ഹുമനയോസും ദേമാസും ഫിലെത്തോസും വിശ്വാസത്യാഗത്തിനു മുതൽ കൂട്ടായിരുന്നു.(2തിമൊ 2:18,4:10). വിശുദ്ധ ബൈബിൾ സ്ഥിരീകരിച്ചിരിക്കുന്ന പഥ്യോപദേശത്തെ തിരസ്ക്കരിക്കുന്ന വ്യക്തിയെ വിശ്വാസ ത്യാഗിയെന്നു പറയാം. വിശ്വാസത്തെ ത്യജിക്കുന്നവർ വിശ്വാസ ത്യാഗികൾ തന്നെ. വിശ്വാസ ത്യാഗമെന്നതു കയീന്റെ കാലം മുതൽ തുടർന്നിരുന്നു. ഇത് ഒരത്ഭുത പ്രതിഭാസമല്ലായിരുന്നു.

വിശ്വാസ ത്യാഗം എന്നതിനു ഗ്രീക്കിൽ അപ്പൊസ്ടാസിയ apostasia എന്ന പദമാണുള്ളത്. ഇതിന്റെ മൂലപദം അഫിസ്ടീമിയാണ്. ഇതിന്റെ അർത്ഥം സഭയെ വലിച്ചെടുക്കുക, (to draw off) ; സഭ ഭൂമിയിൽ നിന്നു മറെറാരു സ്ഥലത്തേക്ക് പുറപ്പെടുക, (to depart) . സഭ എടുക്കപ്പെടും എന്നതാണ് ഈ പദത്തിന്റെ അർത്ഥം. ഇതു ഏക മഹൽ സംഭവവും മഹാപ്രതിഭാസവുമായിരിക്കും; ലോകത്തിൽ എടുത്തു പറയാവുന്ന അതുല്യ സംഭവവുമായിരിക്കും. കർത്താവിന്റെ പുനരാഗമനമെന്നതു ആവർത്തിക്കപ്പെടാവുന്നതല്ല. ( The language indicates a specific event not general apostasy which exists now and always will. This is an event which is... identifiable and and unique)( John Mac Arthur Study Bible. Page 1854). നാശോൻ മുഖമായ വെറുക്കപ്പെട്ട വിശ്വാസ ത്യാഗം. മഹാപീഢനത്തിന്റെ മദ്ധ്യേ നടക്കും. ക്രിസ്തു ഭക്തരായ നമുക്കുള്ള പ്രത്യാശ കർത്താവിന്റെ മദ്ധ്യാകാശ വരവാണ്. കാത്തിരിക്കാം. ആമേൻ.



# യേശുക്രിസ്തുവിലെ വിശ്വാസം മൂലം ലഭിക്കുന്ന അനുഗ്രഹങ്ങൾ

V.C.SAMUEL-KOCHI

യേശു കർത്താവിനെ ഹൃദയത്തിൽ സ്വീകരിക്കുന്നവർക്ക് ദൈവീക കൂട്ടായ്മയും ആത്മീക അനുഭവവും ലഭിക്കുന്നു. അതിനാൽ അങ്ങനെയുള്ളവർക്കു മാത്രമെ ആത്മീയ അനുഗ്രഹങ്ങൾ ലഭ്യമാകുന്നുള്ളു.
അവയിൽ ചിലതു നോക്കാം.

**1. വഴി, സത്യം, ജീവൻ.**

ക്രിസ്തു പറഞ്ഞത് ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നുവെന്നാണ്. അതിനാൽ തന്നിൽ വിശ്വസിക്കുന്നവർക്ക് ലഭിക്കുന്ന പരമപ്രധാനമായ ത്രീയേക അനുഗ്രമാണ് വഴി, സത്യം, ജീവൻ എന്നത്.

**2. വിശുദ്ധി.**

വിശുദ്ധനായവൻ ഒരുവൻ മാത്രം. അത് കർത്താവായ യേശുക്രിസ്തു മാത്രം. കാരണം കർത്താവിന്റെ ഐഹിക ജീവിതകാലത്ത് സധൈര്യം താൻ വിളിച്ചു ചോദിച്ചു എന്റെ പാപത്തെക്കുറിച്ച്(അശുദ്ധി) ആർക്കു ബോദ്ധ്യം വരുത്താം. നൂററാണ്ടുകൾ കഴിഞ്ഞിട്ടും ആർക്കും അതിനുത്തരം കൊടുക്കാനായിട്ടില്ല. ഇനി സാധിക്കയുമില്ല. അതിനാൽ തന്നിൽ വിശ്വസിക്കുന്നവർക്ക് തൻ മൂലം ദൈവിക വിശുദ്ധി ലഭിക്കുന്നു. കാരണം യേശുക്രിസ്തുവിന്റെ രക്തം നിങ്ങളുടെ സകല പാപങ്ങളും പോക്കി ശുദ്ധീകരിക്കുന്നുവെന്നു തിരുവചനം പറയുന്നു. അതിനാൽ നമുക്കു വിശുദ്ധ ജീവിതം നയിക്കാം.

**3. നീതി.**

നീതിമാനായവൻ ഒരുവൻ മാത്രം. അതു യേശുക്രിസ്തു തന്നെ. പീലാത്തോസിന്റെ ഭാര്യ തന്റെ ഭർത്താവായ പീലാത്തോസിനോട് പറഞ്ഞത് ആ നീതിമാന്റെ കാര്യത്തിൽ അഥവാ യേശുക്രിസ്തുവിന്റെ കാര്യത്തിൽ ഇടപെടരുത് എന്നാണ്. അനീതി പ്രവർത്തിച്ചിരുന്നവരായ മനുഷ്യനെ നീതിമാനായി മുദ്രകുത്തുവാൻ കഴിവുള്ളവൻ യേശുകർത്താവ് മാത്രം. അതു തന്നിലൂടെയുള്ള വിശ്വാസത്താൽ മാത്രം. ഇതാണ് ആത്മീയ അനുഗ്രഹം.

**4. സ്നേഹം.**

പ്രസിദ്ധമായ വാക്യ ശകലമാണ് ദൈവം സ്നേഹമാകുന്നുവെന്നത്. ആരാണ് ദൈവം. അതു കർത്താവായ യേശുക്രിസ്തു തന്നെ. അതിനാൽ ലോകസ്നേഹത്തിലേക്കു കൂപ്പുകുത്തിയ മനുഷ്യവർഗ്ഗത്തെ ദൈവസ്നേഹത്തിലേക്കു കൊണ്ടുവന്നവനാണ് കർത്താവായ യേശുക്രിസ്തു. ക്രിസ്തുവിലെ വിശ്വാസത്താൽ നമുക്കു കൈവന്നിരിക്കുന്ന വിലയേറിയ സ്വഭാവ അനുഗ്രഹമാണ് സ്നേഹം എന്നത്. വൈരാഗ്യത്തിന്റെ വിത്തുകൾ മാററപ്പെട്ട് സ്നേഹത്തിന്റെ വിത്തുകൾ നമ്മിൽ മുളയ്ക്കുവാൻ കാരണം നമ്മിൽ ലഭ്യമായ അനുഗ്രഹമാണ്. അതോർത്ത് നമുക്ക് ദൈവത്തെ സ്തുതിക്കാം.

**5. സമാധാനം.**

ഈ ലോകത്തിൽ സമാധാനമില്ലാതെ മാനവരാശി ഓടുകയാണ്. സമാധാനം മനുഷ്യനാൽ അസാദ്ധ്യം എന്നാൽ ദൈവത്താൽ സാദ്ധ്യം. മനുഷ്യന്റെ സകല സമാധാന ശ്രമങ്ങളും കീറിയ തുണികളുടെ തുന്നിച്ചേരലുകൾപോലെയാണ്. എന്നാൽ യേശുക്രിസ്തു മൂലം തന്നിൽ വിശ്വസിക്കുന്നവർക്കു ലഭിച്ചിരിക്കുന്ന നിരവധി അനുഗ്രഹങ്ങളിൽ ഒന്നാണ് നമുക്ക് ദൈവത്തോട് സമാധാനമുണ്ടായി എന്നത്. ദൈവവുമായി ബന്ധമില്ലാത്തവന്റെ ഹൃദയത്തിൽ സമാധാനത്തിന്റെ അനുഭവം ഉണ്ടാകയില്ല. ദൈവവുമായി ബന്ധം ഉണ്ടാകുന്നത് യേശുക്രിസ്തുമൂലം മാത്രം. ഇന്ന് വ്യക്തികളിൽ, കുടുംബങ്ങളിൽ, സമൂഹങ്ങളിൽ, രാഷ്ട്രങ്ങളിൽ സമാധാനമില്ലാതെ മനുഷ്യർ നെട്ടോട്ടമോടുകയാണ്. കാരണം ക്രിസ്തു മൂലം സമാധാനം ലഭിക്കാത്തതിനാൽ തന്നെ. സമാധാനം എന്ന അനുഗ്രഹം നിങ്ങളുടെ ജീവിതത്തിൽ ഉണ്ടാകണമെങ്കിൽ തിരുവചനം പറയുന്നത് ക്രിസ്തുവിൽ വിശ്വസിക്കുക എന്നാണ്.



പ്രിയ ദൈവജനമെ, യേശുകിസ്തുവിൽ കൂടെ പുതുജീവൻ പ്രാപിച്ചവരായ നമുക്കു ലഭിച്ചിരിക്കുന്ന അനുഗ്രഹങ്ങളുടെ പട്ടിക അസംഖ്യങ്ങളാണ്. ഇതു തിരിച്ചറിയുവാൻ നമുക്കിടയാകണം. ഈ അനുഗ്രഹങ്ങൾ ഒക്കെ നമ്മുടെ ജീവിതത്തിൽ സ്വായത്തമാക്കണം. അതിനിടയാകണമെങ്കിൽ തിരുവചനാധിഷ്ഠിത ജീവിതം നമുക്കു നയിക്കുവാൻ സാധിക്കണം. നമ്മുടെ ജീവൻ ക്രിസ്തുവിൽ മറഞ്ഞിരിക്കുന്നു. എന്നാൽ അവന്റെ പ്രത്യക്ഷതയിൽ അതു വ്യക്തമാകും.

നമുക്കു നമ്മുടെ ജീവിതത്തിൽ താഴ്മയോടെ ജീവിക്കാം. കർത്താവ് നമ്മെ തീർച്ചയായും ഉയർത്തും. ആരെങ്കിലും ഇതു വായിക്കുന്നവർ ക്രിസ്തുവിനെ രക്ഷകനും കർത്താവുമായി സ്വീകരിക്കാത്തവർ ഉണ്ടെങ്കിൽ നിങ്ങൾ ക്രിസതുവിനെ സ്വീകരിക്കുക. ആത്മീയ അനുഗ്രഹങ്ങൾ കരസ്ഥമാക്കുക. അതിനായി ദൈവം നിങ്ങളെ സഹായിക്കട്ടെ.



# പൈശാചിക പ്രലോഭനത്തിന്റെ ഏഴു തന്ത്രങ്ങൾ

SAM PAUL - JEDHA- S.ARABIA

**ദൈവം എവിടെ തന്റെ സഭയെ പണിയുന്നുവോ , അവിടെ പിശാചും തന്റെ ഒരു ചാപ്പൽ പണിയും എന്നോർക്കുക.**

**1. നമ്മുടെ വിശ്വാസം ക്ഷീണിക്കുമ്പോൾ.**
അനുദിന വചനധ്യാനവും , പ്രാർത്ഥനയും കുറയുമ്പോൾ നാം എളുപ്പത്തിൽ സാത്താന്റെ ഇരകളായി മാറുന്നു.

**2. നമ്മുടെ വിശ്വാസം ഏററവും ശക്തമായി നമുക്കുതന്നെ തോന്നുമ്പോൾ.**

അതായത് നാം പാപത്തിലൊന്നും അകപ്പെടാത്തവരാണെന്ന് നാം ചിന്തിക്കുമ്പോൾ, നമ്മെ വീഴിക്കുവാൻ സാത്താൻ ഇഷ്ടപ്പെടുന്നു.

**3. നമ്മുടെ വിശ്വാസം കഷ്ടതയുടെ അഗ്നിശോധനയിൽ പരീക്ഷിക്കപ്പെടുമ്പോൾ.**

നമ്മെ പ്രലോഭിപ്പിക്കാനും സാത്താൻ അടുത്തു കൂടുന്നു. കഷ്ടതയുടെ ചൂടിൽ നാം തളർന്ന്,പൊള്ളലേററ്, സങ്കടം അനുഭവിക്കുമ്പോൾ, മററുള്ളവരാൽ നാം ഒഴിവാക്കപ്പെടുകയും അവഗണിക്കപ്പെടുകയും ചെയ്യുമ്പോൾ, സാത്താൻ നമ്മെ കളിയാക്കുന്നു. അവന്റെ ഏററവും സാധാരണമായ തന്ത്രം എന്നുള്ളത്. ദൈവം നീതിമാനല്ല, അവൻ നമ്മോടു അന്യായമായി പെരുമാറുന്നു. ആ ഫ്ളാററുഫോമിൽ നിന്നുകൊണ്ട് സാത്താൻ തന്റെ ന്യായീകരണവാദം ആരംഭിക്കുന്നു. ഇനി ദൈവത്തെയൊന്നും അനുസരിക്കേണ്ടതില്ല എന്ന്അവൻ സാഹചര്യതെളിവുകൾ നിരത്തി നമ്മുടെ ആത്മാവിനോടു വാദിക്കുന്നു.

**4. ശാരീരിക ഉൻമേഷത്തിന്റെയും , സാമ്പത്തിക സമൃദ്ധിയുടെയും കാലഘട്ടങ്ങളിൽ.**
പിശാച് നമ്മിൽ വ്യാജമായ ആത്മസംതൃപ്തി , അഭിമാനം, തെററായ സുരക്ഷിതത്വബോധം എന്നിവ കൊണ്ടുവരും. അപ്പോൾ നാം ശത്രുവിന്റെ അസ്ത്രങ്ങൾക്ക് എളുപ്പമുള്ള ലക്ഷ്യങ്ങളാണ്.

**5. പാപചിന്തകൾ മനസ്സിൽ കൊണ്ടിടുന്ന വേളയിൽ.**




നമ്മെ പ്രലോഭിപ്പിക്കുന്നതിൽ സാത്താന്റെ ഏററവും ഫലപ്രദമായ തന്ത്രം എന്നത് അവൻ തന്നെ പാപചിന്തകൾ നമ്മുടെ മനസ്സിൽ കൊണ്ടിടുകയും അല്പം കഴിഞ്ഞു ആ തെററായ ചിന്ത ഉണ്ടായതിനു അവൻ നമ്മെത്തന്നെ കുററപ്പെടുത്തുകയും ചെയ്യുക എന്നതാണ്.

**6. തന്റെ ആരോപണങ്ങൾ പരിശുദ്ധാത്മാവിൽ നിന്നുള്ളതാണെന്ന തോന്നിപ്പിക്കൽ.**

ഇതാണ് സാത്താന്റെ മറെറാരു തന്ത്രം. മറെറാരു വിധത്തിൽ പറഞ്ഞാൽ തന്റെ തന്ത്രങ്ങളെ നമ്മുടെ സാഹചര്യങ്ങൾക്കനുകൂലമായി ക്രമീകരിക്കയും , നമ്മുടെ പ്രാർഥനകൾക്കുള്ള മറുപടി എന്നോണം അതിനെ നമ്മുടെ മുമ്പിൽ ഇട്ടുതരികയും ചെയ്യുന്നു. അങ്ങനെ അവന്റെ ശബ്ദം ദൈവത്തിന്റെ ശബ്ദമാണെന്ന് നാം എളുപ്പത്തിൽ തെററിദ്ധരിച്ച് അവന്റെ കെണിയിൽ വീണുപോകുന്നു.

**7 ദൈവം എവിടെ തന്റെ സഭയെ പണിയുന്നുവോ , അവിടെ പിശാചും തന്റെ ഒരു ചാപ്പൽ പണിയും എന്നോർക്കുക.**

## ചിന്താ രത്നങ്ങൾ

ഊമർക്കു സംസാരിക്കാനും ബധിരർക്ക് കേൾക്കാനും അറിയാനും കഴിയുന്ന ഭാഷയാണ് കാരുണ്യം.

## പഴമൊഴി

ദൈവത്തിന്റെ മുമ്പിൽ നാം എല്ലാവരും തുല്യ ബുദ്ധിമാൻമാരും മഠയൻമാരുമാണ്.

# ദൈവം ഉണ്ടോ ഉണ്ടെങ്കിൽ ആര്? (6)

S.G.GILBER-ARAMADA

## 6. ദൈവവും പ്രപഞ്ച സൃഷ്ടിയും

### A. പ്രപഞ്ചം എങ്ങനെ ഉണ്ടായി.

പ്രപഞ്ചം എങ്ങനെ ഉണ്ടായി എന്ന് പുരാതന കാലം മുതൽ മനുഷ്യർ അന്വേഷിച്ചു വരുന്നു. പ്രപഞ്ചം എങ്ങനെ ഉണ്ടായി എന്നറിയണമെങ്കിൽ പ്രപഞ്ചം ഉണ്ടാക്കിയ വ്യക്തിക്കു മാത്രമെ പറയാൻ കഴിയൂ.

മനുഷ്യരോ ഇന്നു ഭൂമിയിൽ കാണുന്ന യാതൊരു ജീവജാലങ്ങളോ പ്രപഞ്ച ഉത്ഭവത്തിനു മുമ്പ് ഉണ്ടായിരുന്നില്ല. അതിനാൽ മനുഷ്യ വർഗ്ഗത്തിൽ ഉള്ള ആർക്കും തന്നെ പ്രപഞ്ച ഉത്ഭവത്തെക്കുറിച്ച് സ്വയം കണ്ടെത്താനാകില്ല എന്നത് ഒരു പരമാർത്ഥമാണ്. അങ്ങനെയെങ്കിൽ ഉത്ഭവത്തെക്കുറിച്ച് ആർക്കാണ് നമുക്ക് അറിവു തരാൻ കഴിയുന്നത്. പ്രപഞ്ച ശില്പിക്കു മാത്രമെ അതു സാധിക്കൂ. അതിലേയ്ക്കു കടക്കുന്നതിനു മുമ്പ് പ്രപഞ്ച ഉത്ഭവത്തെക്കുറിച്ച് നിലവിലുള്ള സിദ്ധാന്തത്തെ കുറിച്ച് പരിശോധിക്കാം.

### 1. വൻ സ്ഫോടന സിദ്ധാന്തം. ( Big Bang Theory)

കോടാനുകോടി വർഷങ്ങൾക്കു മുമ്പ് പ്രപഞ്ച പദാർത്ഥം അത്യുന്നത സാന്ദ്രതയിൽ തിങ്ങിക്കൂടിയിരുന്ന ഗോളമായിരുന്നുവെന്നും അത്യുഗ്രമായ സ്ഫോടനത്തിൽ ഇവ അസംഖ്യം കഷണങ്ങളായി നക്ഷത്രങ്ങളും,ഗ്രഹങ്ങളും, ഉപഗ്രഹങ്ങളുമുള്ള നക്ഷത്ര സമൂഹങ്ങളായി പരസ്പരം അകന്നുകൊണ്ടിരുന്നു.

ജോർജ്ജ് ഗാമോ , റാൽഫ് ആർഫർ എന്നിവരാണ് 1949-ൽ വൻ സ്ഫോടന സിദ്ധാന്തത്തിനു രൂപം നൽകിയത്. വൻ സ്ഫോടനത്തിന്റെ ആദ്യത്തെ അരമണിക്കൂറിനുള്ളിൽതന്നെ എല്ലാ മൂലകങ്ങളും സൃഷ്ടിക്കപ്പെട്ടുവെന്നും പുതുതായി പിന്നെ ഒന്നും ഉണ്ടാകുന്നില്ലെന്നും വൻ സ്ഫോടനസിദ്ധാന്തക്കാർ വിശ്വസിക്കുന്നു.

#### മറുപടി.

ഇത് കേവലം തെളിയിക്കപ്പെടാത്ത ഒരു സിദ്ധാന്തമാണ്. ഈ സിദ്ധാന്തം സത്യം എന്ന നിലയിൽ നമ്മുടെ കുഞ്ഞുങ്ങൾ പഠിച്ചുകൊണ്ടിരിക്കുന്നു. പ്രസ്തുത സിദ്ധാന്തം വിശ്വസിക്കുന്നവർ ചിന്തിക്കാനും മറുപടി പറയുവാനും ചില ചോദ്യങ്ങളും വസ്തുതകളും ചുവടെ ചേർക്കുന്നു.

1. കോടാനുകോടി വർഷങ്ങൾക്കു മുമ്പ് പ്രപഞ്ച പദാർത്ഥങ്ങൾ ഒന്നുചേർന്ന് വലിയൊരു ഗോളമായി മാറി. അതുശരിയാണെങ്കിൽ പ്രപഞ്ച പദാർത്ഥങ്ങൾ എങ്ങനെ ഉണ്ടായി. ശാസ്ത്രത്തിനു മറുപടി പറയുവാൻ കഴിയുമോ.

2. പ്രപഞ്ച പദാർത്ഥങ്ങൾ ഒന്നിച്ചു കൂടി നില്ക്കണമെങ്കിൽ സ്ഥലം വേണം. അങ്ങനെയെങ്കിൽ പ്രപഞ്ചത്തിൽ സ്ഥലം എങ്ങനെ ഉണ്ടായി. ഇന്നു കാ



ണുന്ന കോടാകോടി നക്ഷത്രങ്ങൾ ഉൾക്കൊള്ളുന്ന പ്രപഞ്ചത്തിലെ ആകാശം ആദ്യം ഉണ്ടാകണമല്ലോ. അതിനു ശാസ്ത്രത്തിനു മറുപടി പറയുവാൻ കഴിയുമോ.

3.തിങ്ങിക്കൂടിയിരുന്ന പ്രപഞ്ച പദാർത്ഥത്തിൽ വലിയ സ്ഫോടനം ഉണ്ടായി അസംഖ്യം കഷണങ്ങളായി മാറി. ആദ്യത്തെ അരമണിക്കൂറിനുള്ളിൽ അവ സ്വയം കറങ്ങി കറങ്ങി നക്ഷത്രങ്ങളും ഗാലക്സികളും ഉണ്ടായി. ഇതു യുക്തിക്കും ബുദ്ധിക്കും നിരക്കുന്നതാണോ. ഒരിക്കലുമല്ല. നക്ഷത്രങ്ങളും താരസമൂഹങ്ങളും ഒന്നിനോടൊന്ന് കൂട്ടിമുട്ടാതെ അവ ഓരോന്നും അതിന്റേതായ പാതയിൽ കറങ്ങി യാത്ര ചെയ്തുകൊണ്ടിരിക്കുന്നു.

അവ ഒരോന്നും തെക്കുവടക്കായി നോർത്ത് ദിശയെ ലക്ഷ്യമാക്കി കറങ്ങിക്കൊണ്ടിരിക്കുന്നു. ഇതെല്ലാം ആദ്യത്തെ അരമണിക്കൂർകൊണ്ട് തന്നെത്താൻ ഉണ്ടായി എന്നു പറഞ്ഞാൽ അതിലപ്പുറം മടയത്തരം വേറെ ഉണ്ടോ എന്നു പരിശോധിക്കുക. ഈ വിഷയം സംബന്ധിച്ച് മനുഷ്യന്റെ ബുദ്ധിക്കും യുക്തിക്കും നിരക്കുന്ന നിലയിൽ എത്ര വ്യക്തമായിട്ടാണ് ബൈബിളിൽ പറഞ്ഞിരിക്കുന്നത് എന്നു പരിശോധിക്കാം.

### B. ദൈവവും പ്രപഞ്ച സൃഷ്ടിയും.

ബി.സി.1500-നു അടുത്താണ് മോശെ ബൈബിളിലെ ഉല്പത്തി പുസ്തകം രചിക്കുന്നത്. ഇന്നത്തെപ്പോലെ ശാസ്ത്രം വളർന്നിട്ടില്ലാത്ത ആ കാലത്ത് ആധുനിക ശാസ്ത്രത്തെപ്പോലും വെല്ലുവിളിക്കും വിധം എത്ര കൃത്യമായി തെളിയിക്കപ്പെട്ട ശാസ്ത്ര സത്യങ്ങൾക്ക് നിരക്കുന്ന നിലയിൽ തന്നെ പ്രപഞ്ച സൃഷ്ടിയെക്കുറിച്ച് വിവരിച്ചിരിക്കുന്നു.

ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചിരിക്കുന്നു. (ഉല്പത്തി 1:1).

# ദൈവവും പ്രപഞ്ച സൃഷ്ടിയും... തുടർച്ച

മിസ്രയീമിൽ ബഹു ദൈവവിശ്വാസം നില നിന്നയിടത്തു വളർന്നു വന്ന മോശെ ദൈവനിയോഗ ത്താൽ ദൈവമാണ് പ്രപഞ്ചത്തെ സൃഷ്ടിച്ചത് എന്നു പറഞ്ഞിരിക്കുന്നു. ദൈവം ഉണ്ട് എന്നു തെളിയിക്കു വാൻ ശ്രമിക്കുന്ന പുസ്തകമല്ല ബൈബിൾ. ദൈവ മാണ് സൃഷ്ടി നടത്തുന്നതെന്ന് പറഞ്ഞുകൊണ്ടാണ് ബൈബിൾ തുടങ്ങുന്നത്.




**സൃഷ്ടിയുടെ ക്രമം.**

**1. ആകാശം.**

ആദിയിൽ ദൈവം ആകാശം(സ്ഥലം) ആണ് സൃഷ്ടിക്കുന്നത്. വസ്തുമയമായ പദാർത്ഥങ്ങളെ സൃഷ്ടിക്കണമെങ്കിൽ അതിനു മുമ്പ് അവ ഉൾക്കൊള്ളാൻ വേണ്ട ആകാശം(സ്ഥലം) വേണം. ആകാശമാണ് ദൈവം ആദ്യം സൃഷ്ടിക്കുന്നത്.

**2. ഭൂമി.**

ഭൂമി എന്നു പറഞ്ഞിരിക്കുന്നത് കേവലം ഭൂമി മാത്രമല്ല. പ്രപഞ്ചത്തിലെ പദാർത്ഥങ്ങൾ മുഴുവനു മായാണ് അത് അർത്ഥമാക്കുന്നത്. അഖിലാണ്ഡത്തിലെ അസംഖ്യം നക്ഷത്രങ്ങൾ ആകാശത്തിൽ നില്ക്കണമെങ്കിൽ ആകാശം വേണം. ആകാശത്തെ ഉണ്ടാക്കിയശേഷം പദാർത്ഥങ്ങളെ ഉണ്ടാക്കി.

ബൈബിളിലെ ആദ്യത്തെ വാക്യത്തിൽ അഞ്ചു വാക്കുകൾ ഉണ്ട്. സയൻസിന്റെ പ്രധാന തത്വങ്ങൾ അതിൽ അടങ്ങിയിട്ടുണ്ട്.

**ആദിയിൽ-** സമയം അഥവാ തുടക്കത്തെ കാണിക്കുന്നു.
**ദൈവം-** എനർജി അഥവാ ആദികാരണത്തെ കാണിക്കുന്നു.
**ആകാശം-** പ്രപഞ്ച ശില്പി ആദ്യം ആകാശം (സ്ഥലം) സൃഷ്ടിച്ചു.
**ഭൂമി-** പദാർത്ഥങ്ങൾ(ആകാശം ഉണ്ടെങ്കിലേ പദാർത്ഥങ്ങള ഉൾക്കൊള്ളാൻ കഴിയൂ
**സൃഷ്ടിച്ചു-** ഉണ്ടാക്കി-അഥവാ ചലനാത്മകമാക്കി.

ഇതിൽപരം പ്രപഞ്ച ഉത്പത്തിയെക്കുറിച്ച് എന്താണ് നമുക്കു അറിയേണ്ടത്. ഇതു മാനുഷിക സങ്കൽപ്പത്തിൽ നിന്നുള്ള അറിവല്ല. പ്രപഞ്ച ശില്പിയായ സർവശക്തനായ ദൈവം മോശെയിൽ കൂടി നമുക്കു വെളിപ്പെടുത്തി തന്ന സത്യമായ അറിവാണ്. ഈ സത്യം ഗ്രഹിക്കാത്ത കേവലം മൂഢ സിദ്ധാന്തമായ വൻ സ്ഫോടന സിദ്ധാന്തത്തിന്റെ പിന്നാലെ എന്തിനാ പോകുന്നത്. ബുദ്ധിക്കും യുക്തിക്കും അതേസമയം തെളിയിക്കപ്പെട്ട ആധുനിക ശാസ്ത്രത്തിനും നിരക്കുന്ന നിലയിൽ തന്നെയാണ് പ്രപഞ്ച സൃഷ്ടിയെക്കുറിച്ച് ബൈബിൾ വിവരിക്കുന്നത്.

ഇതാണ് പ്രപഞ്ച സത്യം . പ്രപഞ്ച സത്യം വിവരിക്കുന്ന ബൈബിൾ വായിക്കൂ. മനുഷ്യവർഗ്ഗത്തെക്കുറിച്ചുള്ള ദൈവിക പദ്ധതി മനസ്സിലാകും. മനുഷ്യവർഗ്ഗത്തിന്റെ രക്ഷകനായി മന്നിൽ വന്ന യേശുക്രിസ്തുവിൽ വിശ്വസിച്ച് പാപക്ഷമയും നിത്യജീവനും പ്രാപിച്ച് സ്വർഗ്ഗരാജ്യത്തിൽ അവകാശിയായിത്തീരുക.

# ഗാനക്വിസ് 271

ആർക്കും പങ്കെടുക്കാം.താഴെ എഴുതിയിരിക്കുന്ന ഗാനം ആത്മീയ ഗീതത്തിലുള്ളതാണ്. ഈ ഗാനത്തിന്റെ തുടക്കം ഏത്. ഉത്തരങ്ങൾ ആഗസ്റ്റ് 25 നു മുമ്പ് താഴെ കാണുന്ന വിലാസത്തിൽ അയക്കുക.



**ഗാനം:**

ഉഗ്രമാം വെയിലിൽ ഉലകമാം വയലിൽ
ഊഴിയം ഞാൻ ചെയ്യുന്നേരം-അ‌അ‌അ...

**ഗാനക്വിസ് 270-ന്റെ ഉത്തരം**

**ഇദ്ധരയിലെന്നെ ഇത്രമേൽ...**

**രചയിതാവ്: ....... കെ.വി.ചേറു**

1.Dixon Abraham-Vyttila
2.Dennis-Dubai
3.Nancy Roy -Riyadh
4.Varghese George -Jabalpur
3.Thankamma Varghese-Aranmula

***Send your Answer:***

**What's App No - 9825169406 OR *E-mail:***
**payyanursimon@gmail.com**

***TO FORGET, IS IT A BLESSING OR A WEAKNESS?...*** **(continue from page 10)**

God will not be pleased in such attitude and actions , remember!

To forget the evil others done to us is a grace of blessing but to forget His goodness and the Promise we made to God, or in the name of God is the sign of an unthankful heart!

God was well pleased in him only at last when he made the alter and named "El -Elohim"= "Almighty God."Let all your strength, your health, your wealth and favorable circumstance bring glory to Him, and Him alone.!

If we are really obedient to the vision we got, we will remember to fulfill the promise we made with God always.

# സത്യവേദപുസ്തകം: വ്യക്തികളെയും സമൂഹങ്ങളെയും രൂപാന്തരപ്പെടുത്തുന്ന പുസ്തകം (10)

K.V.GEORGE - PATHANAPURAM

വേദപുസ്തക പ്രവചനങ്ങൾ സഹസ്രാബ്ദങ്ങൾ ഉൾക്കൊള്ളുന്നതും വിപുലവുമായ ഒരു പഠന മണ്ഡലവുമാണ്. വ്യക്തികൾ, നഗരങ്ങൾ,ജാതികൾ,യഹൂദൻ,സഭ,യേശുക്രിസ്തു, ലോക സംഭവങ്ങൾ, ധാർമ്മികവുംസാമൂഹികവുമായ പ്രസ്ഥാനങ്ങൾ,പ്രപഞ്ചം ആദിയായവ നിരവധി വിഷയങ്ങളെക്കുറിച്ചുള്ള പ്രവചനങ്ങൾ ബൈബിളിൽ കാണാം. അവയിൽ സോർ എന്ന പട്ടണത്തെ കുറിച്ചാണ് നാം ചിന്തിച്ചത്. തുടർന്നു വായിക്കുക.

## 2. സീദോൻ

യഹോവയായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു. സീദോനേ, ഞാൻ നിനക്കു വിരോധമായിരിക്കുന്നു... ഞാൻ അതിൽ മഹാമാരിയും അതിന്റെ വീഥികളിൽ രക്തവും അയക്കും. ചുററിലും നിന്നു അതിന്റെ നേരെ വരുന്ന വാൾകൊണ്ടു നിഹതൻമാരായവർ അതിന്റെ നടുവിൽ വീഴും. ഞാൻ യഹോവ എന്നു അവർ അറിയും.(യെഹ.28:22(23).

സോരിൽ നിന്നും ഏകദേശം 20 മൈൽ വടക്കായി മെഡിററേനിയൻ തീരത്തു സ്ഥിതി ചെയ്യുന്ന ഒരു നഗരമാണ് സീദോൻ. ആധുനിക ലബാനോനിൽ ഉൾപ്പെട്ട ഈ നഗരത്തിന്റെ ഇന്നത്തെ നാമധേയം സയിദാ എന്നാണ്. ഇതിന്റെ പൗരാണികത്വം ഉല്പത്തി 10:15-ൽ സൂചിപ്പിച്ചിരിക്കുന്നു. മഹാനഗരമായ സീദോൻ എന്നു വിളിക്കത്തക്കവണ്ണം യോശുവയുടെ കാലത്തു ഈ നഗരം സുപ്രസിദ്ധമായിരുന്നു.(യോശു.19:28). കൃഷിയും മത്സ്യബന്ധനവും വാണിജ്യവുമായിരുന്നു സീദോന്യരുടെ മുഖ്യ തൊഴിൽ. ബാലിനേയും അസ്തെരോത്തിനെയും സീദോന്യർ ആരാധിച്ചിരുന്നു. ശലോമോൻ ഈ മാർഗ്ഗത്താൽ ആകൃഷ്ടനായിരുന്നു.(1 രാജാ.11:5,6). പിൽക്കാലത്ത് ഈസബേൽ ഈ മാർഗ്ഗം യിസ്രായേലിൽ നടപ്പാക്കി.(1 രാജാ 16:31-33). അതിലെ ജനങ്ങളുടെ അഹങ്കാരവും ദുഷ്ടതയും നിമിത്തം,പ്രത്യേകിച്ചു യഹൂദബദ്ധൻമാരെ അടിമകളാക്കി വിൽക്കുന്നതിൽ അവർ സഹകരിച്ചതിനാൽ (യോവേൽ 3:4-6) അവർക്കു നാശം സംഭവിക്കുമെന്നു പ്രവാചകൻ മുന്നറിയിപ്പു നൽകി.

സോർ നശിക്കുമെന്നും വെറും പാറപോലെയായിത്തീരുമെന്നും മേലാൽ ഒരിക്കലും പണിയപ്പെടുകയില്ലെന്നുമായിരുന്നു പ്രവചനം. എന്നാൽ സീദോനെക്കുറിച്ചാകട്ടെ, അതിന്റെ വീഥികളിൽ രക്തം അയക്കുമെന്നും വാൾകൊണ്ടു നിഹതരായവർ അതിന്റെ നടുവൽ വീഴുമെന്നും പ്രവാചകൻ പ്രസ്താവിച്ചെങ്കിലും സോരിനെപ്പോലെ ഒരിക്കലും വീണ്ടും പണിയാതവണ്ണം നാമാവശേഷമായിത്തീരുമെന്നു പ്രഖ്യാപിച്ചില്ല.

ഇന്നു സീദോൻ അൻപതിനായിരത്തിലധികം ജനസംഖ്യയുള്ള ഐശ്വര്യപൂർണ്ണമായ ഒരു നഗരമാണ്. സോരിന്റെ എല്ലാ മഹത്വവും അപ്രത്യക്ഷമായെങ്കിലും സീദോൻ ഇന്നും നിലനില്ക്കുന്നു. സമ്പൂർണ്ണ നാശത്തിൽ നിന്നും സീദോൻ രക്ഷപ്പെടുമെങ്കിലും വലിയ നാശനഷ്ടങ്ങൾ നഗരത്തിനുണ്ടാകുമെന്നു പ്രവചിക്കപ്പെട്ടു. സീദോന്റെ തുടർന്നുള്ള ചരിത്രം ഇതു സാക്ഷിക്കുന്നു.

ബി.സി 351-ൽ സീദോൻ പേർഷ്യൻ ഭരണത്തിൻ കീഴിലായിരുന്നു. അവരുടെ മത്സരം നിമിത്തം അർത്ഥഹ് ശഷ്ടാവ് ഓക്കസും തന്റെ സൈന്യവും വന്നു നഗരം നിരോധിച്ചു. പട്ടണം രക്ഷിക്കാമെന്ന സകല പ്രത്യാശയും നശിച്ചപ്പോൾ പേർഷ്യൻ പ്രതികാരത്തിനു കീഴ്പ്പെടുന്നതിനെക്കാൾ മരിക്കയാണ് നല്ലതെന്ന് 40,000 പൗരൻമാർ തീരുമാനിച്ചു. ഭാര്യമാരോടും മക്കളോടും കൂടെ അവർ തങ്ങളുടെ ഭവനങ്ങളിൽ പ്രവേശിച്ച് വാതിലടച്ച് തീ കൊളുത്തുകയും ആ തീയിൽ വെന്തു നശിക്കയും ചെയ്തു.

ഈ അത്യാഹിതങ്ങളോടെ അവരുടെ കഷ്ടത അവസാനിച്ചില്ല. അനന്തര ശതകങ്ങളിലും അതു തുടർന്നുകൊണ്ടിരുന്നു. കുരിശുയുദ്ധകാലത്ത് മൂന്നു പ്രാവശ്യം കുരിശുയുദ്ധക്കാർ സീദോൻ പിടിച്ചെടുത്തെങ്കിലും ആ മൂന്നു പ്രാവശ്യവും മുസ്ളിം സൈന്യം അതു തിരികെ പിടിക്കയുണ്ടായി. എല്ലാ വശത്തു നിന്നും വാൾ സിദോന്റെ മേൽ വീണു.

ആധുനിക കാലത്തും പീഢനം അവരെ പിന്തുടർന്നു. ഡ്രൂസരും തുർക്കികളും തമ്മിലും തുർക്കികളും ഫ്രഞ്ചുകാരും തമ്മിലുള്ള സംഘട്ടനത്തിന്റെ വിളനിലമായി സീദോൻ തീർന്നു. 1840-ൽ ഇംഗ്ളണ്ട്,ഫ്രാൻസ് എന്നിവരുടെ സംയുക്ത സൈന്യം പീരങ്കികൊണ്ടു സീദോന്റെ ഭാഗങ്ങൾ തകർക്കയുണ്ടായി. പ്രവാചകൻമാർ പ്രവചിച്ചതുപോലെ,ഒരു പ്രാവശ്യമല്ല, അനേക പ്രാവശ്യം അവരുടെ വീഥികളിൽ രക്തച്ചൊരിച്ചിൽ ഉണ്ടാകയും ചുററിലും നിന്ന് അതിന്റെ നേരെ വാൾ വരികയും അതിന്റെ നിഹതൻമാർ അതിന്റെ നടുവിൽ വീഴുകയും ചെയ്തു.

അനേക ശതാബ്ദങ്ങൾ മുന്നോട്ടു നോക്കികണ്ടു ഈ സഹോദരീനഗരങ്ങൾക്കു വരുവാൻ പോകുന്ന കാര്യങ്ങൾ ഇപ്രകാരം പ്രസ്താവിപ്പാൻ യാതൊരു മനുഷ്യദൃഷ്ടിക്കും സാദ്ധ്യമല്ല. സോർ നിലനില്ക്കുമെന്നും സീദോനു ഉൻമൂലനം സംഭവിക്കുമെന്നും പറയാതെ സോർ നിർമ്മൂലമായിത്തീരുമെന്നും അതേസമയം തുടർന്നുള്ള ശതാബ്ദങ്ങളിൽ പീഢനം അനുഭവിക്കേണ്ടി വന്നാലും സീദോൻ നിലനില്ക്കുമെന്നും 2500 വർഷങ്ങൾക്കു മുമ്പ് പ്രവചിപ്പാൻ യാതൊരു മനുഷ്യ ബുദ്ധിക്കും കഴിയില്ല. ഇവിടെയാണ് ദൈവവചനത്തിന്റെ അമാനുഷിക ഉത്ഭവത്തിന്റെ നിസ്തർക്കതെളിവു ദർശിക്കാൻ കഴിയുന്നത്. ആകാശവും ഭുമിയും ഒഴിഞ്ഞുപോകും. എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല.

(തുടരും.

“നൻമയും ന്യായവും സത്യവും” പ്രവർത്തിക്കുന്ന

# യെഹസ്ക്കിയാവുമാരെ ബ്രദറൺ സമൂഹത്തിനാവശ്യം (35)

(2. ദിനവൃത്താന്തം 29,30,31,32 , യെശയ്യ 38 )

SIMON PAYYANUR

അനുഭവത്തിൽ നിന്നും ഉരുത്തിരിഞ്ഞ ഹിസ്ക്കിയാവിന്റെ എഴുത്തിലെ (യെശയ്യ. 38:10-20) എട്ടുമുതൽ പത്തുവരെയുള്ള വിഷയങ്ങളാണ് കഴിഞ്ഞ ലക്കത്തിൽ നാം ചിന്തിച്ചത്. തുടർന്ന് വായിക്കുക.

## മനുഷ്യന്റെ നിസ്സഹായാവസ്ഥയുടെ വാക്കുകൾ. ഹിസ്ക്കിയാവിന്റെ അനുഭവത്തിൽ )

### 11.പാതാളം നിന്നെ സ്തുതിക്കുന്നില്ല.(18)

പാതാളത്തിൽ സ്തുതി ഇല്ല. കാരണം എബ്രായരുടെ അഭിപ്രായപ്രകാരം ഇതു ഭൂമിയുടെ അധോഭാഗത്തു മരിച്ചവർ സഞ്ചരിക്കുന്ന സ്ഥലമാകുന്നു വെന്നാണ്. ഏതായാലും യെഹസ്ക്കിയാവ് ജീവിച്ചിരിക്കുമ്പോൾ തന്നെ പാതാളത്തിന്റെ അവസ്ഥ മനസ്സിലാക്കിയെന്നു പറയാം. മരിച്ചവരും മൗനതയിൽ ഇറങ്ങിയവരാരും ദൈവത്തെ സ്തുതിക്കുന്നില്ല എന്ന് സങ്കീർത്തനക്കാരൻ പറഞ്ഞത് എത്ര വാസ്തവം.

ദൈവത്തെ സ്തുതിക്കുവാൻ ലഭിക്കുന്ന സമയമാണ് ഒരു വിശ്വാസിയുടെ ജീവനുള്ള സമയം. അതു നഷ്ടപ്പെടുത്താതിരിക്കുവാൻ ദൈവം സഹായിക്കട്ടെ. മാത്രമല്ല. ചില സമയങ്ങളിൽ പാതാളത്തിലെ അവസ്ഥ നമുക്കും നേരിട്ടേക്കാം. പാതാള പാശങ്ങളാൽ പിടിക്കപ്പെട്ടേക്കാം.ഭയപ്പെടുത്തുന്ന, മൂകമായ അന്തരീക്ഷത്തിലൂടെ നാം കടന്നുപോയെന്നു വരാം. എന്നാൽ അവിടെയും ദൈവകരങ്ങൾ തന്റെ ജനത്തിനനുകൂലമായിരിക്കുമെന്നു മനസ്സിലാക്കുക. അതിനുത്തമ ഉദാഹരമാണ് യെഹസ്ക്കിയാവ്.

### 12. മരണം നിന്നെ വാഴ്ത്തുന്നില്ല.

ശരീരത്തിൽ നിന്നും ജീവൻ പോകുന്നതിനെയാണ് മരണം എന്നു പറയുന്നത്. ദൈവത്തെ വാഴ്ത്തുവാൻ ഒരു മനുഷ്യനു സാധിക്കണമെങ്കിൽ ജീവനുണ്ടാകണമെന്നു സാരം. ഹിസ്ക്കിയാവ് മരണഹേതുകമായ രോഗം പിടിച്ചു അതായത് ജീവന്റെ തുടിപ്പ് നഷ്ടപ്പെടുന്ന നിമിഷം എത്തി. അതിൽ നിന്നും ഒരു കാര്യം തനിക്കു വ്യക്തമായി മനസ്സിലാക്കുവാൻ സാധിച്ചു. ദൈവത്തെ വാഴ്ത്തുന്നവർ ആരും മരണപ്പെട്ടവരിൽ ഇല്ല എന്നത്.

മരിച്ച വ്യക്തികൾ പാതാളത്തിൽ കിടന്ന് യാതന അനുഭവിക്കയാണ്. അവിടെ നിന്നും എങ്ങനെയെങ്കിലും കരകയറാനാഗ്രഹിക്കുന്നു. മാത്രമല്ല ഭൂമിയിൽ ജീവിച്ചിരിക്കുന്ന ആരും പാതാളത്തിൽ വരരുത് എന്നാഗ്രഹിക്കുന്നു. ലൂക്കൊസിന്റെ സുവിശേഷം 16-ാം അദ്ധ്യായത്തിൽ ധനവാന്റെ അവസ്ഥയോടുള്ള ബന്ധത്തിൽ അതാണ് നാം വായിക്കുന്നത്. ഹിസ്ക്കിയാവിനു ഈ സത്യം തന്റെ മരണഹേതുകമായ രോഗാവസ്ഥയിലൂടെ തിരിച്ചറിയുവാൻ നൂററാണ്ടുകൾ ക്കു മുമ്പ് സാധിച്ചു. ഇതു വായിക്കുന്നവർ ജീവിച്ചിരി ക്കുന്ന സമയത്തു ദൈവത്തെ സ്തുതിക്കുക. വാഴ് ത്തുക. പിന്നീട് വിലപിച്ചതുകൊണ്ട് പ്രയോജനമുണ്ടാ കയില്ലെന്നു മനസ്സിലാക്കുക.

### 13.കുഴിയിൽ ഇറങ്ങുന്നവർ.

കുഴി താഴ്ചയുടെ അഥവാ നാശത്തിന്റെ അനുഭവത്തെ കാണിക്കുന്നു. നാശകരമായ കുഴിയിൽ നിന്നും...കുഴഞ്ഞ ചേററിൽ നിന്നും അവൻ എന്നെ കയററി. (സങ്കീ 40). മരിച്ച വ്യക്തിയെ കുഴിയിൽ അടക്കം ചെയ്യുന്നു. പ്രത്യാശയില്ലാത്ത അവസ്ഥ. ജീവിച്ചിരിക്കുമ്പോൾ സകല സുഖസൗകര്യങ്ങളോടും കൂടെയിരുന്ന ഹിസ്ക്കിയാവ് പ്രത്യാശയില്ലാത്ത അനുഭവത്തിലൂടെ അഥവാ കുഴിയിൽ ഇറങ്ങേണ്ട അവസ്ഥയിൽ എത്തിച്ചേർന്നു.

പ്രീയരെ, നമുക്കു ലഭിച്ചിരിക്കുന്ന വിലയേറിയ പ്രത്യാശയ്ക്കായി ദൈവത്തെ സ്തുതിക്കാം. നാം കുഴിയിലിറങ്ങിയാലും ഒരുനാൾ ഭാഗ്യകരമായ പ്രത്യാശയിലേക്കു നാം പ്രവേശിക്കും. കാത്തിരിക്കുക.

(തുടരും)

## അങ്ങാടിയിൽ വന്ദനവും പള്ളിയിൽ മുഖ്യാസനവും ആഗ്രഹിക്കുന്നവർ

**ഇതു കാണുക. സ്വയം ചിന്തിക്കുക**



It was a Good Friday. Oommen Chandy went to church. No place inside the church. He just sat at the door. What is special is that he was the Chief Minister of Kerala at that time.This is very normal in Oommen Chandy’s, life.This image of Oommen Chandy ,the Chief Minister sitting on the church steps with sandals floating around him will remain forever. People survive in time only because of the great memories they leave behind. (courtesy)

ബ്രദറൺ സമൂഹത്തിൽ സ്ഥാനവും മാനവും ആഗ്രഹിക്കുന്ന പ്രസ്ഥാന മേലാളൻമാർക്കും, മൂപ്പൻമാർക്കും,സ്റേറജു പ്രസംഗകർക്കും, സുവിശേഷകർക്കും, സമ്പത്തിൽ അഹങ്കരിക്കുന്നവർക്കും വേണ്ടി ഈ ഫോട്ടോ സമർപ്പിക്കുന്നു. (SP)

# TO FORGET, IS IT A BLESSING OR A WEAKNESS?



E.S.THOMAS-EDAYARANMULA

The grace to forget others wrong doings and false allegations is a sign of the grace that rules in our souls.

But to forget the promise that we made with God or our fellow Brethren is the sign of a disgrace.

For example, When Jacob absconded from his Father's tent for his life, he reached a wilderness place by the time of the Sun set.
Due to the fear of his own brother, and of the tedious journey, he was almost weak and tired by the time he reached the place called Luzz.

However, he took a stone for a pillow and slept over it that night.During the sleep, he had a night vision in which he saw the vision of a ladder which connected its one end to the Earth and the other end to heaven.

He noticed, the angels we're climbing up and coming down through the ladders.
At this, he realised that it was a holy place where God appeared to him.

So, at the dawn of the day he woke up and raised up the stone upon which he rested his head in the night and poured oil on it, lit the light and made few promises to God.

Just read the passage in which his prayers and sacrifice are recorded in Genesis:28.11-16.All the promises which he made with God were conditional. The "if clause "found in the uttering makes it splendid.

He promised, to God that the place of his vision will be dedicated to God as a place of prayer and worship. He would give God tithes in everything he received, provided God fulfilled all what he supplicated to Him.After that he went to his uncle's place in paddan -aram. The escape was for a temporary period but it lasted for twenty years.

During the span of those years, God granted everything to Jacob He asked for, but Jacob forgot everything He promised to God.!

At times, you and I may give certain words or promise to God and our fellow Brethren but eventually, we will fail to fulfill it.

I understand, if the words of Jacob He promised to God we're prompted by the Holy Spirit of God, he would have fulfilled it.

The lesson is this: We should never give a word or expectation to God or fellow believer unless we are prompted of the Lord.How ever, though Jacob failed in His words and failed to return, Go d did not fail in what he was supplicated, for He gave him all what He asked for.

And finally God Himself had to visit him to remind him of his return to Bethel.You and I may forget our obligation or words we made, with God or fellow believer,but God shall never!He tells us "I shall never gorget the word I promised to you ".Yes, He lives above the time and space. He is not bound to any human infirmities, where as He will not forget His promises. He will fulfill it neveretheless, we forget it.!

The name Jacob means suplanter. There are many supplanters among the believers.When God finally knocked him at his shoulder and reminded him who He is and asked him to return to Bethel to raise up an altar there for Him, as he had pledged with him,while he rested at that place twenty years ago.

Now, at this new revelation, Jacob gathered all he had in Paddan -aram and left to Bethel. When he reached the place of old vision, he erected an altar and named it" El -Elohim -Israel "which means "The God of Israel is God ".Even at the altar Jacob wanted self glory there fore, he had writen his name on the Alter along with God's name.

However, God was not pleased in it.There are people who wants praise and glory in anything and everything they do for God or others. Their name first is the motto of many givers.! ←7



# GOD ALLOWS LONELINESS FOR OUR BETTER POSITION

PAULSON JOSHUA-KOCHI

God allows all who really follow Jesus Christ to suffer alone to have a fellowship of the sufferings of Jesus Christ. God permits a person to have loneliness to depend on Him and to get spiritual strength to work for Him.

1. Job was left alone to suffer after the death of all his children and lost all his property.

2. Abraham was called to leave all his relatives and all his properties to be a father of believers (Isaiah 51:2).
- Abraham went alone to sacrifice his only son (Genesis 22:9-12)

3. God gave the great name Israel to Jacob when he was alone (Genesis 32:22-28).

4. Joseph was neglected by his brothers and they sold him to Egypt and he worked as a slave but God raised him to become the minister of Egypt.

5. Moses suffered from his birth and lived as a family member of the king. But he was sent to Midian to live forty years without seeing his own people. At the age of eighty God raised him as the great leader of Israel to bring them to Canaan.

6. David lived as a shepherd and killed Goliath, the enemy of Israel but his own people tried to kill him. So for his life he hid himself in the forest, but God raised him as the king of Israel.

7. Jeremiah was a prophet who obeyed the word of God so that he suffered to the point of death and all his writings were burned by the king. But God fulfilled His purpose in his life.

8. Ezekiel was a prophet who obeyed the word of God and he suffered much and no one helped him.
- The 390 days on the left side and 40 days on the right side to lie down with limited food (4:10-12).
- He alone shifted his house and no one helped him (12:3-7).

9. Daniel was a great prophet who lived as a captive and was put in the lion's den. But God was with him and gave him the prophecies which will take place in the kingdom of the world (Daniel 10:7,8).

10. Elijah was alone to serve God with fear of the king of Israel and lived secretly without proper food and water for three and a half years. But God took him up to heaven without death.

11. John the Baptist lived to witness Jesus Christ but he was beheaded (John 1).

12. Stephen the first Martyr for Christ was a good preacher full of spirit but he was stone to death (Acts 7:54-60).

13. Apostle Paul had heard the words of Jesus Christ when he was alone (Acts 18:9,10).

14. John the Apostle saw Jesus Christ when he was alone and wrote the book of Revelation (Revelation 1:9-11).

**KNOW...PRAY & SUPPORT**

# The Gospel FellowshipTrust of India

## CHENNAI

- 1300 സുവിശേഷകൻമാരെ മൂന്നുമാസത്തിലൊരിക്കൽ ചെറിയ നിലയിൽ സഹായിക്കുന്ന ട്രസ്റ്റ്.
- വരവു ചിലവു കണക്കുകൾ കൃത്യമായി പ്രസിദ്ധീകരിക്കുന്ന ഒരേ ഒരു സുവിശേഷക ട്രസ്റ്റ്.
- അച്ചായൻമാരുടെയോ സാറൻമാരുടെയോ കാര്യമായ പൊളിററിക്സ് ഇല്ലാതെ ദൈവസ്നേഹത്തിൽ നടക്കുന്ന ശുശ്രൂഷ.
- കമ്മററിക്കാർക്ക് അനഭിമതരായവരുടെ തലവെട്ടാതെ കാര്യകാരണങ്ങൾ അന്വേഷിക്കുന്ന ട്രസ്റ്റ്.
- ഒരു സുവിശേഷകന്റെയും കുടുംബത്തിന്റെയും കണ്ണുനീർ വീഴ്ത്തുവാൻ ആഗ്രഹിക്കാത്ത,അപ്പത്തിന്റെ കോൽ ഒടിക്കാത്ത നേതൃത്വം.

**വിശ്വസിച്ചുകൊണ്ട് പണം കൊടുക്കാവുന്ന ഒരു ട്രസ്റ്റ്**

**Chairman**
**Koshy Zacharia**

**Address :**

**GFTI**
**NO.1,Bethesda Centre,R.V.Nagar**
**Kodungaiyur,Chennai. 600118**
**Tel. 044-25550598.M.9444333964**
**E.mail.gfti.india@gmail.com**

**(Simon Payyanur)**


## ചിന്തിക്കാൻ

# സുവിശേഷഫണ്ടുകളുടെ കാഴ്ചപ്പാടു മാററം

**Thomas .A.Itty**

"സുവിശേഷഫണ്ടുകൾ തുക വിനിയോഗിക്കുന്നതിൽ ക്രമക്കേടുണ്ടാക്കുകയോ, അയോഗ്യരാ യവർക്കു കൊടുക്കുകയോ, തക്കതായ കാരണം ബോധ്യമാകാതെ സുവിശേഷകൻമാരുടെമേൽ നടപടി എടുക്കുകയോ, ചെയ്ത് അവിശ്വസ്തത കാണിച്ചാൽ **അവയിലൂടെ സംഭാവനകൾ അയക്കയക്കുന്നതു നിർത്തുന്നതാണ് പോം വഴി.** സംവിധാനങ്ങൾ ആരംഭിക്കുന്നവരുടെ ആത്മാർത്ഥത പിൽക്കാലത്ത് അതിൽ സ്ഥാനം പിടിക്കുന്നവർ പുലർത്തി എന്നു വരികയില്ല.അവരൊക്കെയാണ് സ്ഥിരമായതും യുക്തം പോലെ അവർക്കു പ്രവർത്തിക്കാവുന്നതുമായ സ്ഥാപനങ്ങളായി അവയെ മാററാൻ ശ്രമിക്കുന്നത്".

**അടിക്കുറിപ്പ്.**

ശ്രീ. തോമസ്.എ.ഇട്ടി, രണ്ടു പതിററാണ്ടു മുമ്പ് വരമൊഴിയായി രേഖപ്പെടുത്തിയിട്ടുള്ള മേൽപ്പറഞ്ഞ വിശദാംശങ്ങൾ അക്ഷരംപ്രതി കെ.ഇ.എം. ട്രസ്റ്റിൽ സംഭവിച്ചിട്ടുണ്ട്. സംഭവിച്ചുകൊണ്ടിരിക്കുന്നുവെന്നത് പകൽപോലെ വ്യക്തം. ശ്രീ.കെ.പോൾ തോമസിനുശേഷം വന്ന സെക്രട്ടറിമാരും, നിലവിലെ കമ്മററിക്കാരും യുക്തംപോലെ അവർക്കു പ്രവർത്തിക്കാവുന്ന ഒരു സ്ഥാപനമാക്കി കെ.ഇ.എം ട്രസ്റ്റിനെ മാററിയെന്നു പറയുന്നതിൽ ഒട്ടും അതിശോക്തിയില്ല. അതായത് കെ.ഇ.എം ഫണ്ട് ആരംഭിച്ചവരുടെ ആത്മാർത്ഥത ഇല്ലാത്തവരെന്നു സാരം.

ബിലീവേഴ്സ് റിലീഫ് ട്രസ്റ്റിന്റെ സ്ഥിതി ഇതിലും പരിതാപകരമാണ്. അനാവശ്യക്കാരെ അത്യാവശ്യക്കാരാക്കിമാററുന്ന മാന്ത്രിക ശുപാർശ കമ്മററിയാണിത്. **(സൈമൺ പയ്യന്നൂർ)**

# വിമർശന വീഥി

## എക്സ് ഡോഹ ബ്രദറൺ സഭയുടെ യോഗത്തിൽ ബ്രദർ. ജോൺ കുര്യനു നാക്കു പിഴ സംഭവിച്ചോ ?

ഡോഹ ബ്രദറൺ സഭയുടെ എക്സ് വിശ്വാസി കൂട്ടങ്ങളുടെ യോഗത്തിൽ(29-06-23) ബ്രദർ. ജോൺ കുര്യൻ പറഞ്ഞ ഒരു വാചകം സോഷ്യൽ മീഡിയയിൽ ശ്രദ്ധിക്കയുണ്ടായി. ഡോഹ സഭയാണ് വീടുവെച്ചുകൊടുത്തതെന്നും അങ്ങനെ സംഭവിച്ചില്ലായിരുന്നുവെങ്കിൽ ഇന്നും വാടകയ്ക്ക് താമസിക്കേണ്ടിവരുമായിരുന്നുവെന്ന പ്രസ്താവനയാണ് ചർച്ചാവിഷയമായത്. ബ്രദർ. ജോൺ കുര്യനെപ്പോലെയുള്ള ഒരാൾ ഇങ്ങനെ പറഞ്ഞത് ചർച്ചാവിഷയമാക്കിയതിൽ കുററം പറയാനാകില്ല.

ബ്രദർ.ജോൺ കുര്യൻ പറഞ്ഞ പ്രസക്തഭാഗങ്ങൾ ശ്രദ്ധിക്കുക. പണം സ്വരൂപിച്ച് ഒരു വീടു പണിയുവാനുള്ള യാതൊരു സാമ്പത്തിക ചുററുപാടും എനിക്കുണ്ടായിരുന്നില്ല. അതുകൊണ്ട്, ഡോഹ അസംബ്ളി വീടുവെച്ചു തന്നില്ലായിരുന്നുവെങ്കിൽ **ഞങ്ങൾക്ക് ഇപ്പോഴും വീടുണ്ടാകയില്ലായിരുന്നു. ഞങ്ങൾ ഇപ്പോഴും വാടക വീട്ടിൽ താമസിച്ചേനേ...**

ഈ പറഞ്ഞതിലെ ഭൂതകാലാനുഭവം (പണം സ്വരൂപിച്ച് ഒരു വീടു പണിയുവാനുള്ള യാതൊരു സാമ്പത്തിക ചുററുപാടും എനിക്കുണ്ടായിരുന്നില്ല) ചിലപ്പോൾ ശരിയായിരിക്കാം. എന്നാൽ വർത്തമാന കാലാനുഭവം വിശ്വസിക്കുന്ന ഒരുത്തരും ബ്രദറൺ സമൂഹത്തിലുണ്ടാകയില്ല എന്നുറപ്പാണ്.(ഞങ്ങൾക്ക് ഇപ്പോഴും വീടുണ്ടാകയില്ലായിരുന്നു. ഞങ്ങൾ ഇപ്പോഴും വാടക വീട്ടിൽ താമസിച്ചേനേ...)

മൂന്നു പതിററാണ്ടിലധികം സ്റേറജിൽ നിന്നും സ്റേറജിലേക്കു ശുശ്രൂഷ ചെയ്യുകയും, ലോകത്തിലെ മിക്കവാറും രാജ്യങ്ങളിൽ നിരവധി സന്ദർശനം നടത്തുകയും ,തുടർന്നുകൊണ്ടിരിക്കയും ചെയ്യുന്ന ബ്രദർ. ജോൺ കുര്യൻ **ഇപ്പോഴും** ഒരു വീടുവെക്കാൻ സാധിക്കില്ല എന്നു പറഞ്ഞത് ദൈവ ത്തോടും ദൈവജനത്തോടും ചെയ്യുന്ന നന്ദികേടുതന്നെയാണ്.

സ്വന്തം ചിലവിൽ ശുശ്രൂഷയ്ക്ക് പോകയും ആരിൽ നിന്നും പ്രതിഫലം കൈപ്പററാതിരിക്കയും ചെയ്യുന്ന ഒരു വ്യക്തിയല്ല ബ്രദർ. ജോൺ കുര്യൻ. അതിനാൽ പൊതു സദസ്സിൽ ഇത്തരത്തിൽ പറയുന്നത് ഒരു നാക്കുപിഴയായി കാണാൻ സാധിക്കില്ല. ഇത്തര സുഖിപ്പിക്കൽ മൊഴികൾ ബ്രദർ. ജോൺ കുര്യനെപ്പോലെയുള്ളവർക്കു ഭൂഷണമല്ല. പിന്നെ പുതുപ്പള്ളിക്കാർക്ക് ഒരു കുത്തും, ഡോഹക്കാർക്ക് ഒരു കോമായും ഇതിൽ ഒളിഞ്ഞിരിപ്പുണ്ടെന്നും ആരെങ്കിലും സംശയിച്ചാൽ അതിശയിക്കാനുമില്ല.

പുതുപ്പള്ളി സഭയ്ക്ക് ചെയ്തുകൊടുക്കുവാൻ പററാത്ത കാര്യം ഡോഹ ബ്രദറൺ സഭ ചെയ്തത് അഭിനന്ദനീയമാണ്. എന്നാൽ ഡോഹ ബ്രദറൺ സഭ ആളും തരവും ഒക്കെ നോക്കി മാത്രമെ പലതും ചെയ്യാറുള്ളുവെന്നത് നിഷേധിക്കാനാകാത്ത ഒരു സത്യമാണ്. മാത്രമല്ല അവിടെയുള്ള കുട്ടി ദൈവങ്ങളെ പ്രസാദിപ്പിക്കയും വേണം. **(SP)**

## കണ്ടതും  ...  കേട്ടതും

- തിരുവല്ല മെഡിക്കൽ മിഷൻ ചാപ്പലിലെ ഉത്തരവാദിത്വപ്പെട്ടവരിൽ പ്രധാനികൾ കള്ളക്കമ്മട്ടത്തിനു കൂട്ടു നില്ക്കുന്നവരാണെന്നു തെളിവുകൾ നിരത്തി ചിലരുടെ വരമൊഴികൾ.

  **ദൈവസഭ എവിടെ ഉണ്ടോ, അവിടെ സാത്താൻ ചാപ്പലുണ്ടാക്കുമെന്നു** ഒരു എഴുത്തുകാരൻ പറഞ്ഞത് വാസ്തവം. അങ്ങനെയെങ്കിൽ സഹപാനലിസ്റ്റുക്കാരും **കള്ളൻമാർക്കു കഞ്ഞിവെക്കുന്നവർതന്നെ.**

- അനന്തപുരിയിലെ 90 വർഷത്തിലധികം പഴക്കമുള്ള സഭയിലെ ഒരു ശുശ്രൂഷകൻ 3-ആഴ്ചകളിലധികമായി അപ്പവീഞ്ഞുകളിൽ ഭാഗവാക്കാകാതെ തിരുവത്താഴ ശുശ്രൂഷ ചെയ്യുന്നു,

  **കുന്നും...കുഴിയും** ഉള്ള സ്ഥലത്തെ സഭയിലെ മൂപ്പനെ **സഭയുടെ കാററിംഗ് ശുശ്രൂഷ** ഏല്പ്പിച്ചാൽ ലാഭമുണ്ടാകും. ദൈവത്തെ ഭയവും മനുഷ്യരെ ശങ്കയുമില്ലാത്ത മൂപ്പനും സഹമൂപ്പൻമാരും **ഊപ്പൻമാർ** തന്നെ.

- പല സ്വദേശ വിദേശ ബ്രദറൺ സഭകളും വിശ്വാസികളും മാനുഷിക മുഖം നോക്കി കൊടുക്കൽ വാങ്ങൽ നടത്തുന്നു.

  **മുഖപക്ഷം ചെയ്തു പാപം ചെയ്യുന്ന (അ)വിശുദ്ധൻമാരണിവർ.** പിന്നെ കാട്ടിലെ തടിയും തേവരുടെ ആനയുമാകയാൽ വലിക്കാൻ എളുപ്പമാണ്.

- ഒരു ശവ സംസ്കാര ശുശ്രൂഷയിൽ അനുസ്മരണത്തിനു സമയം ലഭിച്ച ഒരു മൂപ്പൻ തന്റെ വംശാവലിയെക്കുറിച്ചു പറഞ്ഞിരുന്നു.

  കല്ലിശ്ശേരിയിലെ പ്രസ്തുത **ആചാര്യൻ** ( ആംഗലേയ ഭാഷയിൽ പ്രൊഫസർ) യേശുക്രിസ്തുവിന്റെ വംശാവലിയിൽപ്പെട്ടവനായിരുന്നുവെന്നു പറയാതിരുന്നത് ഭാഗ്യം.

- തൃശൂരെ ഒരു സഭയുടെ സകല പരിപാടികളും യു. ട്യൂബിൽ കൂടെ മാലോകരെ കാണിക്കുന്നു.

  **കുന്നായിട്ടുപോലും** ആരും ശ്രദ്ധിക്കുന്നില്ലെന്ന തോന്നലിലും നിരാശയിലും ഉടലെടുത്ത ന്യൂജെൻ ഐഡിയ.

- നമ്മുടെയിടയിലെ ചിലവിദേശ പ്രസ്ഥാനങ്ങളുടെ റിപ്പോർട്ടുകൾ വായിച്ചാൽ ഇന്ത്യയിൽ ആകെ നാലും മൂന്നും ഏഴു പ്രവർത്തനങ്ങൾ മാത്രമെയുള്ളുവെന്നു തോന്നിപ്പോകും.

  ഇത്തരം റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്നവർക്ക് **അവർ ആരെന്നുപോലും അവർക്കു തന്നെ നിശ്ചയമില്ലാത്തവരാണ്.** പിന്നെയല്ലേ ആത്മീയ പ്രവർത്തനങ്ങൾ.

- കോവിഡു കഴിഞ്ഞിട്ടും പല ബ്രദറൺ സഭകളിലും അപ്പം മുറിച്ചുള്ള തിരുവത്താഴ ശുശ്രൂഷയില്ല. റെഡിയാക്കിയ മുറിക്കഷണങ്ങളുമായുള്ള ശശ്രൂഷയാണ്.

  ഇതിനെയാണ് **മുറിയൻമാരുടെ റെഡിമെയ്ഡ് ശുശ്രൂഷ** എന്നു പറയുന്നത്. **Buffet കർത്തൃമേശ** വരുന്ന കാലവും വിദൂരമല്ല. അപ്പവും വീഞ്ഞും സ്തോത്രകാഴ്ചയും ഒരുമിച്ച് നടക്കും.

- ഉത്തരേന്ത്യയിലെ ഒരു ബ്രദറൺ സുവിശേഷകൻ 50 വർഷം പൂർത്തീകരിച്ച ആഘോഷത്തിൽ പല ഉപദേശിമാരും പങ്കെടുത്തു.

  **ഉപദേശികൾ...** ഭാഗ്യ ശാലികൾ **ഇതുപോലൊരു ജാതിയുണ്ടോ...?** **(SP)**

## Pray for Gujarat



# GUJARAT BRETHREN GOSPEL TEAM



(A Ministry Of Like Minded LORD'S Servants)

ഗുജറാത്തിലെ സുവിശേഷീകരണ തത്പരരും, പ്രാദേശിക ഭാഷക്കാരായവരുമായ സുവിശേഷകൻമാരുടെ സഹകരണത്തോടെ 2015 മുതൽ ഗുജറാത്തിലെ വിവിധ ജില്ലകളിലെ ഉൾഗ്രാമങ്ങളിൽ നടന്നു വരുന്ന ഒരു ടീം പ്രവർത്തനം




*(Village Evangelism Minisry News)*

**Mattar Taluka**
**Kheda District**
**(July 3rd week)**



ദൈവത്തിന്റെ അളവററ കൃപയാൽ ഗുജറാത്ത് ബ്രദറൺ ഗോസ്പൽ ടീമി ന്റെ ജൂലൈ മാസത്തെ പ്രവർത്തനം ജൂലൈ മൂന്നാം വാരത്തിൽ ഖേഡജില്ലയിലെ മററർ താലൂക്കിലെ വിവിധ ഗ്രാമങ്ങളിൽ നടത്തുവാൻ കർത്താവ് സഹായിച്ചു. പ്രാർത്ഥിച്ചവർക്കു നന്ദി.തുടർന്നും പ്രാർത്ഥനയിൽ ഓർക്കുക.

(സൈമൺ പയ്യന്നൂർ)





## GUJARAT BRETHREN GOSPEL TEAM

VILLAGE EVANGELISM MINISTRY

PRAY...PRAY...PRAY

Place:

PANCHAMAHAL DISTRICT

Date:
August 3rd week 2023.



ലോകത്തിന്
ലഭിക്കാവുന്നതിലേക്കും,
ലഭിച്ചിട്ടുള്ളതിലേക്കും
ഉത്തമഗ്രന്ഥം
ബൈബിളാണ്.
സത്യസന്ധമായും
വിശ്വസ്തമായും
ജീവിക്കണമെന്നാഗ്രഹിക്കുന്ന
ഏതൊരു
മനുഷ്യനെയും വഴികാട്ടുവാൻ
ഉതകുന്ന
ഉത്തമപാഠങ്ങൾ അത്
പഠിപ്പിക്കുന്നു.
-ചാൾസ് ഡിക്കൻസ്



## HAPPY VOICE

**PLEASE CONTACT;**

**SIMON PAYYANUR**
**PLOT.NO.147,SECTOR.7,**
**GANDHIDHAM.370201,**
**KUTCH,GUJARAT.**
M- 9825169406.
e-mail:
payyanursimon@gmail.com



Edited, Lay Out & Published by Simon Payyanur at Gandhidham.